**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 'തിരുവനന്തപുരം ജനസംസ്കൃതിയുടെ ഇതിഹാസം' എന്ന പേരിൽ കേരള ഗ്രന്ഥശാല സഹകരണ സംഘം പ്രസിദ്ധീകരിക്കുന്ന തിരുവനന്തപുരം ജില്ലയുടെ സമ്പൂർണ്ണ ജനകീയ ചരിത്രരചനയ്ക്ക് തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നല്കുന്നതിന് യഥേഷ്ടാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1786/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി: 19/08/2019**

---

പരാമർശം:- കേരള ഗ്രന്ഥശാലാ സഹകരണ സംഘം പ്രസിഡൻറും മുൻ എം. എൽ. എയുമായ

ശ്രീ .പിരപ്പൻകോട് മുരളി 18.05.2019നു സമർപ്പിച്ച അപേക്ഷ.

**<u>ഉത്തരവ്</u>**

കേരള ഗ്രന്ഥശാല സഹകരണ സംഘം 'തിരുവനന്തപുരം ജനസംസ്കൃതിയുടെ ഇതിഹാസം' എന്ന പേരിൽ 3 വാല്യങ്ങൾ അടങ്ങുന്ന ഒരു ബ്രഹത് ചരിത്ര ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നും ആയതിന് ഭാരിച്ച തുക ചിലവുള്ളതിനാൽ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിനിന്നു ധനസഹായം ലഭ്യമാക്കണമെന്നും . ഗ്രന്ഥശാല സഹകരണസംഘം പ്രസിഡൻറും , മുൻ എം.എൽ.എയുമായ, ശ്രീ പിരപ്പൻകോട് മുരളി പരാമർശത്തിലെ അപേക്ഷപ്രകാരം ആവശ്യപെട്ടിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഗ്രന്ഥശാലാ സഹകരണ സംഘം പ്രസിദ്ധീകരിക്കുന്ന 'തിരുവനന്തപുരം ജനസംസ്കൃതിയുടെ ഇതിഹാസം' എന്ന തിരുവനന്തപുരം ജില്ലയുടെ സമ്പൂർണ ജനകീയ ചരിത്രരചനയ്ക്ക് തിരുവനന്തപുരം നഗരസഭയിൽ നിന്ന് 2 ലക്ഷം രൂപയും, നെയ്യാറ്റിൻകര, നെടുമങ്ങാട്, ആറ്റിങ്ങൽ, വർക്കല നഗരസഭകളിൽ നിന്ന് ഒരു ലക്ഷം രൂപ വീതവും ജില്ലാ പഞ്ചായത്തിൽ നിന്നും ഒരു ലക്ഷം രൂപയും, ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും 25,000/- രൂപ വീതവും, ഗ്രാമ പഞ്ചായത്തുകളിൽ നിന്നും 15,000/- രൂപ വീതവും തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ,**

**ഡെപ്യൂട്ടിസെക്രട്ടറി.**

പ്രസിഡൻറ്,കേരള ഗ്രന്ഥശാലാ സഹകരണ സംഘം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമ വികസന കമ്മിഷണർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ/കോർപ്പറേഷനുകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തുകൾ (പകർപ്പ് ഗ്രാമവികസന കമ്മീഷണർ മുഖേന)

ജില്ലാ പഞ്ചായത്ത് സെക്രട്ടറി,തിരുവനന്തപുരം

ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

റീജിയണൽ പെർഫോമൻസ് ആഡിറ്റ് ഓഫീസർ, കൊല്ലം/കൊച്ചി/കോഴിക്കോട്

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

ധനകാര്യ (എസ്.എഫ്.സി) വകുപ്പ്

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.